# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 5, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## ശ്രദ്ധക്ഷണിക്കൽ

1. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും നിധിയിലേയ്ക്ക് വിഹിതം അടയ്ക്കുന്നതിനുമുള്ള നടപടികൾ

ശ്രീ. എൻ. രാജൻ: 1991–ൽ നിലവിൽ വന്ന കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 18 ലക്ഷം തൊഴിലാളികൾ അംഗത്വമെടുത്തിട്ടുണ്ടെങ്കിലും ബോർഡിന്റെ പ്രവർത്തനം പ്രതിസന്ധിയിലാണ്. 60 വയസ്സ് പൂർത്തിയായ 72000 കർഷകത്തൊഴിലാളികൾ വിവിധ ആനുകൂല്യങ്ങൾക്കു വേണ്ടി കാത്തിരിക്കുകയാണ്. അവരിൽത്തന്നെ ഒട്ടേറെപ്പേർ മരണപ്പെട്ടുകഴിഞ്ഞു. കർഷകത്തൊഴിലാളികൾ ഒരു മാസം രണ്ടു രൂപാ നിരക്കിലും ഭൂവുടമകൾ ഹെക്ടറിന് 10 രൂപാ നിരക്കിലും വിഹിതം ഒടുക്കേണ്ടതാണെങ്കിലും ഭൂവുടമാ വിഹിതം കൃത്യമായി പിരിച്ചെടുക്കുന്നില്ല. ഓരോ വർഷവും 5000–ത്തോളം തൊഴിലാളികൾ 60 വയസ്സ് കഴിഞ്ഞ് പുറത്തു പോകുന്നുണ്ട്. എക്സ്ഗ്രേഷ്യ ഉൾപ്പെടെ വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനായി പ്രതിവർഷം അഞ്ചരക്കോടി രൂപയുടെ ബാദ്ധ്യതയാണ് സർക്കാരിനുണ്ടാകുന്നത്. ഈ ഇനത്തിൽ 34 കോടി രൂപയുടെ കുടിശ്ശികയുണ്ട്. മുൻ ഗവൺമെന്റിന്റെ കാലത്ത് 5 കോടി രൂപ ക്ഷേമനിധി ബോർഡിലേക്ക് ധനസഹായമായി വകയിരുത്തിയിരുന്നു. ഗവണ്മെന്റ് കോൺട്രിബ്യൂഷൻ ഉൾപ്പെടുത്തുന്നതിന് നിയമ ഭേദഗതി

കൊണ്ടുവരണം. അടിയന്തിരമായി ഭൂവുടമാ വിഹിതം പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കണം. അർഹരായ കർഷകത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതോടൊപ്പം ഓണത്തിനുമുമ്പ് പെൻഷൻ നൽകുന്നതിനും നടപടികൾ സ്വീകരിക്കണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ ബാബു ദിവാകരൻ): കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ശ്രമിച്ചു വരികയാണ്. ഇപ്പോഴത്തെ ബോർഡിന്റെ വരുമാനം ഒന്നരക്കോടി രൂപയും ചെലവ് 4 കോടി രൂപയുമാണ്. ഭൂവുടമകൾ ഭൂനികുതി അടയ്ക്കുമ്പോൾത്തന്നെ ക്ഷേമനിധി വിഹിതവും ഈടാക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളതെങ്കിലും വില്ലേജ് ഓഫീസർമാർ ഇക്കാര്യം വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. അതുകൊണ്ട് കളക്ടർമാരുടെ യോഗത്തിൽ പ്രധാന അജണ്ടയായി ഇക്കാര്യം ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി ഇതിൽ പുരോഗതിയുണ്ടായിട്ടുണ്ട്. മുൻഗവൺമെന്റ് ക്ഷേമനിധി ബോർഡിലേക്ക് 5 കോടി രൂപ വകയിരുത്തിയെങ്കിലും ഒരു കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഈ വർഷം അനുവദിച്ച ഒരു കോടി രൂപ ട്രഷറി ബാൻമൂലം ബോർഡിന് ലഭിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെങ്കിലും അടുത്ത ഒന്നുരണ്ടു ആഴ്ചകൾക്കുള്ളിൽ തുക ലഭിക്കുന്നതാണ്. 18 ലക്ഷം പേരിൽ ഭൂരിഭാഗം പേരും 55 വയസ്സിനുശേഷമാണ് പേര് രജിസ്റ്റർ ചെയ്യുന്നത്. 60 വയസ്സ് പൂർത്തിയാകുമ്പോൾ അവർക്ക് 5000 രൂപ വീതം നൽകുകയെന്നത് ഗവൺമെന്റിന് ഇപ്പോഴത്തെ നിലയിൽ വലിയ ബാദ്ധ്യതയാണ്. അതുകൊണ്ടുതന്നെ ക്ഷേമനിധി ബോർഡിനെ പ്രായോഗികമായി പുനഃസംഘടിപ്പിക്കുന്ന കാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്. സെസ് കളക്ഷൻ പൂർണമായും പിരിച്ചെടുക്കുന്നതിനും ഗവൺമെന്റിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നതനുസരിച്ച് കൂടുതൽ ധനസഹായം ലഭ്യമാക്കുന്നതിനും ശ്രമിക്കുന്നതാണ്. ഓണത്തിനു മുൻപ് കർഷകത്തൊഴിലാളി പെൻഷന്റെ ഒരു ഗഡു വിതരണം നടത്താൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്.

## (2) മണ്ണാർക്കാട് താലൂക്കിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ

ശ്രീ. കളത്തിൽ അബ്ദുള്ള: മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ല വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ്. അട്ടപ്പാടി ഉപവിദ്യാഭ്യാസ ജില്ലയും മണ്ണാർക്കാട് ട്രൈബൽ എഡ്യൂക്കേഷൻ ഡിസ്ട്രിക്ടും വേണമെന്നുള്ള ആവശ്യം ഇതുവരെ പ്രാവർത്തികമായിട്ടില്ല. ഷോളയൂർ, തച്ചംപാറ പഞ്ചായത്തുകളിലെ ആദിവാസി മേഖല ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ഉൾപ്പെടെ ലഭിക്കുന്നതിന് വളരെ ദൂരം യാത്ര ചെയ്യേണ്ടി വരുന്നു. പാലക്കയത്ത് ഒരു ഹൈസ്ക്കൂൾ വേണമെന്നുള്ള ആവശ്യം ഇതുവരെ പ്രാവർത്തികമായിട്ടില്ല. മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ ടി.ടി.സി. സെന്ററും പോളിടെക്നിക്കും ബി.എഡ്. സെന്ററും എഞ്ചിനീയറിംഗ്

കോളേജും ഐ.എച്ച്.ആർ.ഡി.ഇ. സ്ഥാപനങ്ങളും ഇല്ല. ഇവിടെ പ്ളസ് ടൂ സ്കൂളുകൾ വളരെ കുറവാണ്. കൂടുതൽ പ്ളസ് ടൂ സ്കൂളുകളും എൽ.പി. സ്കൂളുകളും യു.പി. സ്കൂളുകളും

അനുവദിക്കണം. അട്ടപ്പാടി ഉൾക്കൊള്ളുന്ന ആദിവാസി മേഖലയിൽ കേരള സാക്ഷരതാ സമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകണം. അട്ടപ്പാടിയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഗവൺമെന്റ് കൂടുതൽ ശ്രദ്ധ പതിപ്പിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): അട്ടപ്പാടി, അഗളി എന്നീ ആദിവാസി മേഖലകൾ ഉൾക്കൊള്ളുന്ന മണ്ണാർക്കാട് താലൂക്ക് വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ്. മണ്ണാർക്കാട് താലൂക്കിൽ ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിലായി ആകെ 68 എൽ.പി.സ്കൂളുകളും 32 യു.പി. സ്കൂളുകളും 19 ഹൈസ്കൂളുകളും ഉണ്ട്. ഈ പ്രദേശങ്ങളിൽ യാത്രാസൗകര്യവും താമസസൗകര്യവും കുറവായതുകാരണം അദ്ധ്യാപകർ അവിടെ ജോലി ചെയ്യുന്നതിന് തയ്യാറാകാത്ത സ്ഥിതി ഉണ്ട്. ഇത് പരിഹരിക്കുന്നതിനായി ക്വാർട്ടേഴ്സ് പണിയുന്ന കാര്യം പരിശോധിക്കാം. ഈ പ്രദേശ ങ്ങളിൽ ഗവൺമെന്റ് മേഖലയിലോ സ്വകാര്യ മേഖലയിലോ കൂടുതൽ വിദ്യാഭ്യാസ സ്ഥാപന ങ്ങൾ ഉണ്ടാകേണ്ടതാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പു ഡയറക്ടർ സർക്കാരിനെ അറിയി ച്ചിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ വിദ്യാഭ്യാസ വകുപ്പിന്റേയും ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റേയും സംയുക്താഭിമുഖ്യത്തിൽ പല നിർമ്മാണപ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തേണ്ടതായിട്ടുണ്ട്. ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ, സ്കോളർ ഷിപ്പ് എന്നിവ നൽകുന്നതിനുള്ള പാക്കേജ് പദ്ധതി നടപ്പാക്കുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിശോധിക്കുന്നതാണ്. മണ്ണാർക്കാട് താലൂക്കിലെ പല സ്കൂളുകളും അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. കഴിഞ്ഞ മന്ത്രിസഭാ യോഗ ത്തിൽ മണ്ണാർക്കാട് ഒരു ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കാൻ തീരുമാനി ച്ചിട്ടുണ്ട്. ഷോളയൂർ ട്രൈബൽ സ്കൂളിൽ അൺ-എയ്ഡഡ് പ്ളസ് ടൂ അനുവദിക്കണ മെന്നുള്ള അപേക്ഷ ഗവൺമെന്റിന്റെ പരിഗണനയിലാണ്. അടച്ചുപൂട്ടുന്ന സ്കൂളുകളുടെ പട്ടികയിൽനിന്ന് മണ്ണാർക്കാട് താലൂക്കിലെ ആദിവാസി മേഖലയിലെ നാലഞ്ച് സ്കൂളുകളെ ഒഴിവാക്കിയിട്ടുണ്ട്. ഈ താലൂക്കിലെ സാക്ഷരതാനിരക്ക് വർദ്ധപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ സാക്ഷരതാ മിഷന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ട്രൈബൽ എഡ്യൂക്കേഷൻ ഡിസ്ട്രിക്ടിന്റെ കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല. മണ്ണാർക്കാട് താലൂക്കിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഗണിച്ച്, ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ ചെയ്യാം. ഗവൺമെന്റ് അടച്ചുപൂട്ടുന്ന ഹൈസ്കൂളുകളിൽ ഏതെങ്കിലും ഒന്ന് പാലക്കയത്തേയ്ക്ക് ഷിഫ്ട് ചെയ്ത് അദ്ധ്യാപകരെ അങ്ങോട്ട് ഡിപ്ളോയ്

ചെയ്യുകയാണെങ്കിൽ അത് ഏറ്റെടുത്ത് നടത്തുന്നതിന് ഒരു അൺ എയ്ഡഡ് സ്കൂൾ തയ്യാറാണെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം അനുഭാവപൂർവ്വം പരിഗണിക്കാം.

## സബ്മിഷൻ

(1) <u>കൊല്ലം മടത്തറ രഘുനാഥനെ കൊലപ്പെടുത്തിയതു സംബന്ധിച്ച്</u>

<u>ശ്രീ. പി.എസ്. സുപാൽ:</u> കൊല്ലം മടത്തറ കൊച്ചുകലുങ്ക് ജംഗ്ഷനിലുള്ള ചായക്കടയിൽ നടന്നുവരുന്ന അനധികൃത ചാരായ വില്പന തടയാൻ ശ്രമിച്ച രഘുനാഥനെ കടയുടമയായ ഹമീദും സംഘവും ചേർന്ന് 1-7-2002-ന് രാത്രി അതിക്രൂരമായി കൊലപ്പെടുത്തുകയും ഭാര്യ ഗീതയെ വെട്ടിപ്പരിക്കേൽപിക്കുകയും ചെയ്ത സംഭവത്തിന് ഉത്തരവാദികളായവരുടെ മേൽ കർശന നടപടി സ്വീകരിക്കണമെന്നും ആ പ്രദേശത്ത് നടക്കുന്ന വ്യാജ മദ്യ ഉൽപാദനവും വിൽപനയും തടയാൻ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി <u>(ശ്രീ. എ.കെ. ആന്റണി)</u> : കൊല്ലം മടത്തറ കൊച്ചുകലുങ്ക് ജംഗ്ഷനിൽ റോഡുപുറമ്പോക്കിനു സമീപം താമസക്കാരനായ രഘുനാഥനെ 1-7-2002-ന് രാത്രിയിൽ അവിടെ ചായക്കട നടത്തുന്ന അബ്ദുൾ ഹമീദ് കുത്തി പരിക്കേൽപ്പിക്കുകയും ചികിത്സയ്ക്കായി കൊണ്ടുപോകുംവഴി മരണപ്പെടുകയും ചെയ്തു. ഹമീദിന്റെ ഭാര്യ ലൈലയുമായി രഘുനാഥൻ വഴക്കുകൂടിയതിനെപ്പറ്റി ചോദിക്കാൻ എത്തിയ ഹമീദ് രഘുനാഥനെ കുത്തി പരിക്കേൽപ്പിക്കുകയും തടയാൻ ചെന്ന രഘുനാഥന്റെ ഭാര്യയ്ക്ക് കത്തിക്കുത്തിൽ പരിക്കേൽക്കുകയുമുണ്ടായി. ഇക്കാര്യത്തിൽ കടയ്ക്കൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത്, അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയ പ്രതിയായ അബ്ദുൾ ഹമീദിനെ ഇപ്പോൾ റിമാന്റ് ചെയ്തിരിക്കുകയാണ്.

(2) <u>ചാലക്കുടി നിയോജകമണ്ഡലത്തിലെ ജലസേചന പദ്ധതികൾ</u>

<u>പ്രൊഫ: സാവിത്രി ലക്ഷ്മണൻ:</u> ചാലക്കുടി നിയോജകമണ്ഡലത്തിലെ വിവിധ ജലസേചന പദ്ധതികൾ പ്രവർത്തനക്ഷമമാക്കണം. ലക്ഷക്കണക്കിന് രൂപയുടെ കൃഷിനാശം ഒഴിവാക്കാൻ പമ്പിംഗ് സീസണുമുമ്പ് ലിഫ്റ്റ് ഇറിഗേഷനെങ്കിലും പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സിവിൽ, ഇലക്ട്രിക് വർക്കുകൾക്കുവേണ്ട സാമ്പത്തിക സഹായത്തിന്റെ വിശദ വിവരങ്ങൾ ബഹുമാനപ്പെട്ട മന്ത്രിക്ക് എഴുതി കൊടുത്തിട്ടുണ്ട്. പണി തീർത്ത് വർഷങ്ങളായിട്ടും കമ്മിഷൻ ചെയ്യാത്ത നിരവധി പദ്ധതികളുണ്ട്. ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് ഈ നിയോജക മണ്ഡലത്തിലെ വിവിധ പദ്ധതികൾ എത്രയും വേഗം പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : ചാലക്കുടി നിയോജക മണ്ഡലത്തിലെ വിവിധ പ്രോജക്ടുകളെ സംബന്ധിച്ചുള്ള പെറ്റിഷൻ ലഭിക്കുകയുണ്ടായി. വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാത്തവ പ്രയോറിറ്റി–വൈസായിട്ട് തീർക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലിഫ്റ്റ് ഇറിഗേഷൻ സ്കീമും ക്ലാസ് –I വർക്കിലുള്ള ചില ജോലികളും സാമ്പത്തിക തടസ്സംകൊണ്ട് ഉദ്ദേശിച്ച വേഗതയിൽ നടക്കുന്നില്ല. എന്നാലും അത് പരിഹരിക്കാനുള്ള ശ്രമം നടക്കുന്നു. ഇടമലയാർ പദ്ധതിയുടെ മെയിൻ കനാലിൽ നിന്ന് ചാലക്കുടി ഇടതുകര മെയിൻ കനാലിലേയ്ക്ക് ഒരു ലിങ്ക് തീർക്കുന്ന നടപടി പൂർത്തിയാകുമ്പോൾ ഭൂതത്താൻകെട്ടിൽ നിന്നുള്ള വെള്ളം ഈ ഭാഗത്ത് ലഭിക്കും. ആവശ്യമെങ്കിൽ ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചുകൂട്ടാം.

(3) കൈനകരിയിൽ പോലീസ് സ്റ്റേഷൻ

ശ്രീ. ഡി. സുഗതൻ : അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കൈനകരിയിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി) : കൈനകരിയിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് മുൻഗണനാക്രമമനുസരിച്ച് ഏഴാമതായി അനുമതി നൽകുന്നതാണ്.

(4) ആശുപത്രിയിലേയ്ക്കുള്ള യാത്രാമദ്ധ്യേ മരിക്കുന്ന രോഗികളുടെ മൃതദേഹം പോസ്റ്റുമോർട്ടം ചെയ്യണമെന്ന നിയമംമൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ

ശ്രീ.തോമസ് ഉണ്ണിയാടൻ : രോഗംമൂലമോ ഹൃദയാഘാതംമൂലമോ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്ന രോഗികൾ യാത്രാമദ്ധ്യേ മരണപ്പെട്ടാൽ മൃതദേഹം പോസ്റ്റുമോർട്ടം ചെയ്യണമെന്ന നിലവിലുള്ള നിയമംമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ എ.കെ. ആന്റണി): രോഗംമൂലം ആശുപത്രിയിൽ കൊണ്ടുപോകുന്ന രോഗികൾ യാത്രാമദ്ധ്യേ മരണപ്പെട്ടാൽ ആ മൃതദേഹം പോസ്റ്റുമോർട്ടം നടത്തിയിരിക്കണമെന്ന് പ്രത്യേക നിർദ്ദശം കൊടുത്തിട്ടില്ല. മരണകാരണത്തിൽ ഉണ്ടാകുന്ന സംശയം കണക്കിലെടുത്ത് പോസ്റ്റുമോർട്ടം വേണമോ വേണ്ടയോ എന്നു തീരുമാനിക്കാനുള്ള വിവേചനാധികാരം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ് . പലപ്പോഴും അടക്കിയ മൃതദേഹം തിരിച്ചെടുത്ത് പോസ്റ്റുമോർട്ടം നടത്തണമെന്ന് ആവശ്യപ്പെടാറുള്ള സ്ഥിതിക്ക് പോസ്റ്റുമോർട്ടം പരിശോധന പാടില്ല എന്നു പറയാൻ കഴിയില്ല.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഒൻപതാമതു റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

ക്രമപ്രശ്നം

ശ്രീ. കെ.പി. രാജേന്ദ്രൻ: റൂൾസ് ഓഫ് പ്രൊസീഡുവറിലെ 221-ാം വകുപ്പനുസരിച്ച് പ്രൈവറ്റ് മെമ്പേഴ്സ് ബിൽസ് ആന്റ് റെസല്യൂഷൻസ് കമ്മിറ്റിയുടെ പ്രധാനപ്പെട്ട റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യേണ്ടതാണ്. അതിന് ഈ സഭ സമയം കണ്ടെത്തണം.

മി: സ്പീക്കർ: ഡിമാന്റ് ചർച്ച കഴിഞ്ഞാൽ ഇത്തരം റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യുന്നതിനെ സംബന്ധിച്ച് ബിസ്സിനസ്സ് അഡ്വൈസറി കമ്മിറ്റികൂടി തീരുമാനിക്കാവുന്നതാണ്. .

(1) 2002-ലെ കേരള അധാർമ്മിക പരസ്യ നിരോധന ബിൽ

ശ്രീ ഇ.ടി. മുഹമ്മദുബഷീർ: 2002-ലെ കേരള അധാർമ്മിക പരസ്യ നിരോധന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: പ്രമേയത്തെ പിൻതാങ്ങുന്നു.

.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്തിക്കുവേണ്ടി ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): കേരള അധാർമ്മിക പരസ്യ നിരോധന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: നമ്മുടെ സമൂഹത്തെ സാംസ്ക്കാരിക പ്രതിസന്ധിയിലേക്ക് നയിക്കുന്ന അധാർമ്മിക പരസ്യങ്ങൾക്ക് അറുതി വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്നുള്ള ധാർമ്മിക ചിന്തയാണ് ഇത്തരമൊരു ബിൽ അവതരിപ്പിക്കാൻ പ്രേരിപ്പിച്ചത്. അധാർമ്മിക പരസ്യങ്ങൾ മനുഷ്യവർഗ്ഗത്തിന്റെ ധാർമ്മിക സദാചാര മൂല്യങ്ങളെ തകർക്കുകയാണ്. ഇത്തരം പരസ്യങ്ങൾ പുതിയ തലമുറയുടെ സിരകളിൽ വിഷം കുത്തിവയ്ക്കുകയും മനുഷ്യ മനസ്സിൽ പകയും വിദ്വേഷവും ജനിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യ സമൂഹത്തെ തനിമയുടേയും വിശുദ്ധിയുടേയും പാതയിൽനിന്നും വ്യതിചലിപ്പിച്ച് കംപോള സംസ്ക്കാര ത്തിന്റെ അഴുക്കുചാലിൽ നിക്ഷേപിക്കുന്നു. സ്ത്രീകളെ തരംതാഴ്ത്തുന്ന രീതിയിലുള്ള പരസ്യങ്ങൾ സ്ഥാനം പിടിക്കുന്നു. കുട്ടികളുടെ വിശേഷാൽ പരിപാടികളിൽ പോലും ഇത്തരം പരസ്യങ്ങൾ പ്രത്യക്ഷപ്പെടാറുണ്ട്. കൂടാതെ ലൈംഗിക

അരാജകത്വത്തിലേക്കും കുറ്റവാസനയിലേക്കും വഴിതെളിക്കുന്ന മാദ്ധ്യമമായും പരസ്യങ്ങൾ മാറുന്നുണ്ട്. വനിതാ വിമോചന പ്രസ്ഥാനങ്ങൾ ഈ പ്രശ്നം ഗൗരവമായിട്ടെടുക്കേണ്ടതാവശ്യമാണ്. ഈ കാര്യത്തിൽ എല്ലാവരുടേയും സഹകരണമുണ്ടാകണം.

(ചർച്ച തുടരും)

(ശ്രീമതി ശോഭനാ ജോർജ്ജിന്റേയും ശ്രീമതി പി. കെ. ശ്രീമതി ടീച്ചറിന്റേയും അഭാവത്തിൽ 2,3 എന്നീ നമ്പർ ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ സഭയിൽ അവതരിപ്പിക്കപ്പെട്ടില്ല.)

(2) കേരള ഗ്രാമ പഞ്ചായത്ത് കോർട്ട്സ് ബിൽ, 2002

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 2002-ലെ കേരള ഗ്രാമ പഞ്ചായത്ത് കോർട്ട്സ് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷ.നും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഭരണഘടന അനുശാസിക്കുന്ന രീതിയിലുള്ള നീതി ലഭ്യമാകണമെങ്കിൽ ജനങ്ങൾക്ക് കുറഞ്ഞ ചെലവിലും വളരെ വേഗത്തിലും നീതി ലഭ്യമാകത്തക്കവിധം ജുഡീഷ്യൽ സിസ്റ്റം ശക്തിപ്പെടുത്തുകയും വികേന്ദ്രീകരിക്കുകയും ചെയ്തേ മതിയാകൂ. ജനാധിപത്യ സംവിധാനത്തിൽ സാധാരണക്കാരനും പാവപ്പെട്ടവനും നീതി ലഭ്യമാക്കുകയെന്നുള്ളത് ഒരു കർത്തവ്യമായി പറഞ്ഞിട്ടുണ്ടെങ്കിലും ഇന്ന് അത് നിഷേധിക്കപ്പെടുകയാണ്. പ്രാദേശിക തലത്തിൽ തർക്കങ്ങൾ പരിഹരിക്കാനുള്ള സംവിധാനങ്ങൾ വേണം. സാധാരണക്കാർക്ക് നീതി ലഭ്യമാക്കാൻ ഗ്രാമതലത്തിൽ കോർട്ടുകൾ രൂപീകരിക്കണം. സാധാരണക്കാരന് നീതി ലഭ്യമാക്കുകയെന്നത് ജനാധിപത്യ ഭരണ വ്യവസ്ഥിതിയിലെ ഏറ്റവും പ്രധാനപ്പെട്ട ബാദ്ധ്യതയാണ്. അതുകൊണ്ട് ഈ ബിൽ ഗവൺമെന്റ് അംഗീകരിക്കുകയോ സമാനമായ മറ്റൊരു ബിൽ കൊണ്ടുവന്ന് അത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് രൂപം നല്കുകയോ ചെയ്യണം.

(ചർച്ച തുടരും)

(3) 2001-ലെ എം. കെ. നമ്പ്യാർ നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി ഓഫ് ലീഗൽ സയൻസസ് ബിൽ

ശ്രീ. എം. മുരളി: 2001-ലെ എം.കെ.നമ്പ്യാർ നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി ഓഫ് ലീഗൽ സയൻസസ് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ.. ബാബു: പ്രമേയത്തെ പിൻതാങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി (ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പ ി. ശങ്കരൻ): പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. എം. മുരളി: ഈ ബിൽ ഒരു കാരണവശാലും എതിർക്കേണ്ട ആവശ്യമില്ല. 1996-ൽ ഇതുപോലൊരു ബിൽ നിയമസഭയിൽ ഔദ്യോഗികമായി സർക്കുലേറ്റ് ചെയ്തു. ആ ബില്ലിന്റെ സാരാംശം ഉൾക്കൊണ്ടുകൊണ്ട് ആ ബില്ലിൽ അടങ്ങിയിട്ടുള്ള ആശയങ്ങളും നിർദ്ദേശങ്ങളുമാണ് സ്വകാര്യ ബില്ലായി ഇവിടെ അവതരിപ്പിക്കാൻ അനുമതി തേടുന്നത്. ജനാധിപത്യരാഷ്ട്രത്തിന്റെ ഏറ്റവും വലിയ അടിസ്ഥാന ശില നിയമവാഴ്ചയാണ്. നിയമപഠനം സാധാരണക്കാരിലേക്കും എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ബാർ കൗൺസിൽ ഓഫ് ഇൻഡ്യ ഒരു പബ്ളിക് ചാരിറ്റബിൾ ട്രസ്റ്റ് ഏതാനും വർഷങ്ങൾക്ക് മുൻപ് രൂപീകരിച്ചത്. ഈ ട്രസ്റ്റ് കർണ്ണാടക ഗവൺമെന്റുമായി സഹകരിച്ചുകൊണ്ടു ബാംഗ്ളൂരിൽ നാഷണൽ ലാ സ്ക്കൂൾ ഓഫ് ഇൻഡ്യ സ്ഥാപിക്കുകയും അത് കേരളത്തിലെ ഏറ്റവും വലിയ നിയമപഠനകേന്ദ്രമായി മാറുകയും ചെയ്തു. നിയമപഠനത്തിനും ഗവേഷണത്തിനുമുള്ള സ്ഥാപനങ്ങൾ ഈ സംസ്ഥാനത്തുണ്ടാകേണ്ടതുണ്ട്. നാഷണൽ ലാ സ്കൂൾ ഓഫ് ഇൻഡ്യയുടെ മാതൃകയിൽ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ലീഗൽ യൂണിവേഴ്സിറ്റികൾ സ്ഥാപിക്കണമെന്ന് അഖിലേൻഡ്യാ ലാ മിനിസ്റ്റേഴ്സ് കോൺഫറൻസ് തീരുമാനമെടുത്തിട്ടുണ്ട്. 1950-ലെ എ.കെ. ഗോപാലൻ Vs. സറ്റേറ്റ് ഓഫ് മദ്രാസ്, കേസ് നടത്തിയത് എം.കെ. നമ്പ്യാർ ആയിരുന്നു. അദ്ദേഹത്തിന്റെ സ്മരണ നിലനിറുത്തുന്നതിന് ഒരു ലാ സ്ക്കൂൾ സഥാപിക്കുകയാണെങ്കിൽ അതിനുവേണ്ടുന്ന സാംപത്തിക സഹായം, അത് എത്ര തന്നെ ആയാലും, നല്കാൻ തയ്യാറാണെന്ന് അദ്ദേഹത്തിന്റെ മകനും നിയമജ്ഞനുമായ ശ്രീ.കെ.കെ. വേണുഗോപാൽ ബാർ കൗൺസിൽ ഓഫ് ഇന്ത്യയെ അറിയിച്ച സാഹചര്യത്തിൽ അങ്ങനെ ഒരു സ്ഥാപനം കേരളത്തിൽ സഥാപിക്കുന്നതിന് മുൻ കയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കാൻ വേണ്ടിയാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ഇത്തരത്തിൽ ഒരു ബിൽ സർക്കുലേറ്റ് ചെയ്തിരുന്നു. അത് നിയമമാക്കാൻ കഴിഞ്ഞില്ല. ബാർ കൗൺസിൽ ഓഫ് ഇൻഡ്യ ട്രസ്റ്റ്, എം.കെ. നമ്പ്യാർ ട്രസ്റ്റിൽനിന്നും സാമ്പത്തിക സഹായം ആർജ്ജിച്ചുകൊണ്ട് നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ലീഗൽ സയൻസസ് എന്ന പേരിൽ ഒരു സ്ഥാപനം ഉണ്ടാക്കുന്നതിന് ആഗ്രഹിക്കുന്ന സാഹചര്യത്തിൽ ഇത് കേരളത്തിൽത്തന്നെ സ്ഥാപിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എത്രയും വേഗം ഒരു നിയമനിർമ്മാണം വഴി വേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ചർച്ച തുടരും)

(4) <u>2001–ലെ കേരള ഫോട്ടോഗ്രാഫർമാരുടെ ക്ഷേമനിധി ബിൽ</u>

<u>ശ്രീ.എം. മുരളി</u> 2001–ലെ കേരള ഫോട്ടോഗ്രാഫർമാരുടെ ക്ഷേമനിധി ബിൽ അവതരിപ്പിക്കുന്നതിന് അനുമതി നല്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു</u> പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. ശങ്കരൻ</u>) പ്രമേയത്തെ എതിർക്കുന്നു.

<u>ശ്രീ. എം. മുരളി</u> : ഫോട്ടോഗ്രാഫിയും അനുബന്ധ തൊഴിലുകളുമായി ഉപജീവനം നടത്തുന്ന കേരളത്തിലെ 40,000–ത്തോളം വരുന്ന തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഫോട്ടോ ഗ്രാഫിയുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അവർ വെറും തൊഴിലാളികൾ മാത്രമല്ല; കലാകാരൻമാർ കൂടിയാണ്. ഡാർക്ക് റൂം തുടങ്ങി ലാബുകളിൽ പണിയെടു ക്കേണ്ടിവരുന്ന ഇവർ പെട്ടെന്ന് രോഗികളായി മാറുന്ന അവസ്ഥയാണ്. ഒരു ക്ഷേമനിധി ഇല്ലാത്തതിന്റെ പേരിൽ പ്രശസ്തരായ പല കലാകാരൻമാരേയും സഹായിക്കാൻ കഴിയുന്നില്ല. ഈ അടുത്ത കാലത്ത് മരണപ്പെട്ട വിക്ടർ ജോർജിന്റെ കുടുംബത്തെ സഹായി ക്കുന്നതിന് ബന്ധപ്പെട്ടവർ ആവുന്നത്ര ശ്രമിച്ചിട്ടുണ്ടെങ്കിലും ഒരു ക്ഷേമനിധിയുടെ അഭാവം ആ കുടുംബത്തെ സഹായിക്കുന്നതിന് പരിമിതികൾക്കിടയാക്കിയിട്ടുണ്ട്. ഈ ബിൽ അവതരിപ്പിക്കുന്നതിന് അനുമതി നല്കുകയോ ഗവൺമെന്റ് ഇത്തരത്തിലൊരു സമഗ്രമായ നിയമനിർമ്മാണം നടത്തുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. ശങ്കരൻ):</u> ഫോട്ടോഗ്രാഫർമാർ ഉൾപ്പടെയുള്ള തൊഴിലാളികളുടെ ക്ഷേമത്തെ ലാക്കാക്കി ഒരു നിയമനിർമ്മാണം നടത്തുന്ന കാര്യം ഗവൺ മെന്റിന്റെ പരിഗണനയിലുണ്ട്. അതുകൊണ്ട് പ്രമേയം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ.എം. മുരളി</u>: ഗവൺമെന്റ് നല്കിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പ്രമേയം പിൻവലിക്കുന്നു.

2001–ലെ കേരള ഫോട്ടോഗ്രാഫർമാരുടെ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

(5) <u>2001–ലെ കേരള കർഷക പെൻഷൻ ക്ഷേമനിധി ബിൽ</u>

ശ്രീ.എം.മുരളി: 2001–ലെ കേരള കർഷക പെൻഷൻ ക്ഷേമനിധി ബിൽ അവതരിപ്പിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ബി. വിജയകുമാർ: പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. എം. മുരളി: കേരളത്തിലെ കാർഷിക മേഖല ഇന്ന് ദുരിതപൂർണമായിരിക്കുന്നു. സംസ്ഥാനത്തെ തൊഴിലില്ലായ്മ രൂക്ഷമാണെങ്കിലും പുതിയ തലമുറ കാർഷിക രംഗത്തേയ്ക്ക് കടന്നുവരാൻ മടിക്കുന്നു. കേരളത്തിൽ കൃഷി അന്യം നിന്നുപോകുന്ന സ്ഥിതി വന്നിരിക്കുന്നു. കർഷകരെ സംരക്ഷിക്കാൻ തയ്യാറായില്ലെങ്കിൽ കേരളം സാമ്പത്തിക തകർച്ചയിലേക്ക് വഴുതി വീഴും. കേരളത്തിൽ 55 ലക്ഷത്തിൽപ്പരം കൃഷിയിടങ്ങളും 148–ൽപ്പരം വിളയിനങ്ങളും 60––ൽപ്പരം ഇനം വളർത്തുമൃഗങ്ങളും രണ്ടു കോടിയിലധികം വളർത്തു പക്ഷികളും ഇവരെ ആശ്രയിച്ചു കഴിയുന്ന രണ്ടു കോടിയിലധികം ജനങ്ങളുമുണ്ട്. ചെറുകിട–നാമമാത്ര കർഷകരെ കാർഷികവൃത്തിയിൽ പിടിച്ചുനിർത്തുന്നതിന് നിലവിലുള്ള ആനുകൂല്യങ്ങൾ അപര്യാപ്ത മായതിനാൽ അവർക്ക് പെൻഷനും ക്ഷേമനിധിയും ഏർപ്പെടുത്തണം. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ശാശ്വത സംരക്ഷണം ലഭിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. ചെറുകിട–നാമമാത്ര കൃഷിയിടങ്ങളിൽ ആധുനിക സാങ്കേതികവിദ്യ പ്രയോജന പ്പെടുത്തി കൂട്ടായ്മയിലൂടെ കൃഷിരീതി ആകർഷകമാക്കി മാറ്റുന്നതിന് ഗവൺമെന്റ് ശ്രമിച്ചെങ്കിൽ മാത്രമേ ഈ മേഖലയിലെ കർഷകരെ രക്ഷിക്കാൻ കഴിയുകയുള്ളൂ.

(ചർച്ച തുടരും)

(6) 2002–ലെ കേരള ഹോട്ടൽതൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. എം. മുരളി: 2002–ലെ കേരള ഹോട്ടൽതൊഴിലാളി ക്ഷേമനിധി ബില്ലിന് അവതരണാ നുമതി നൽകണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. എം. മുരളി: കേരളത്തിലെ അസംഘടിതരായ അഞ്ച് ലക്ഷത്തോളം വരുന്ന ഹോട്ടൽ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണം. അതിരാവിലെ മുതൽ അർദ്ധ രാത്രിവരെ പണിയെടുക്കേണ്ടി വരുന്ന ഹോട്ടൽ തൊഴിലാളികളുടെ സ്ഥിതി വളരെ

ദയനീയമാണ്. ബാലവേല നിരോധിച്ചിട്ടും പത്തു വയസ്സിന് താഴെയുള്ള കുട്ടികളെക്കൊണ്ട് ഹോട്ടലുകളിൽ പണിയെടുപ്പിക്കുന്നത് സാക്ഷര കേരളത്തിന് അപമാനമാണ്. ചെറുതും വലുതുമായ ഹോട്ടലുകൾ തുടങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്ററർ ചെയ്യണമെന്ന് ബന്ധപ്പെട്ട നിയമത്തിൽ അനുശാസിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഹോട്ടൽ തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക ക്ഷേമനിധി രൂപീകരിക്കുകയും അവരുടെ ക്ഷേമകാര്യങ്ങൾക്ക് പ്രത്യേക പരിഗണന ഉറപ്പുവരുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. നിർമ്മാണത്തൊഴിലാളി മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾ പണിയെടുക്കുന്ന മേഖലയാണിത്. ഇവർക്കുവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കാനും, മുഴുവൻ തൊഴിലാളികൾക്കും അംഗത്വം നൽകിക്കൊണ്ട് പരിതാപകരമായ ജീവിതാവസ്ഥയിൽനിന്നും അവരെ സംരക്ഷിക്കാനും ഗവൺമെന്റ് തയ്യാറാകണം.

(ചർച്ച തുടരും)

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സഭയിൽ എടുക്കുന്ന ബില്ലുകൾ ബന്ധപ്പെട്ട മന്ത്രിയുടെ മറുപടിക്കുശേഷം ഇന്നുതന്നെ കൺക്ലൂഡ് ചെയ്യുകയാണെങ്കിൽ പുതിയ മെമ്പർമാർക്കും പുതിയ ബില്ലുകൾ അവതരിപ്പിക്കാൻ കഴിയും.

മി.ഡെപ്യൂട്ടി സ്പീക്കർ: കാര്യോപദേശക സമിതിയാണ് അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകൾക്കുള്ള ചർച്ചയ്ക്ക് സമയം നിശ്ചയിക്കുന്നത്. ഇക്കാര്യം സ്പീക്കറുടെ ശ്രദ്ധയിൽ പെടുത്തുന്നതാണ്.

(7) 2002–ലെ കേരള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ നിധി ബിൽ

ശ്രീ.എം. മുരളി: 2002–ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ നിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരി

പ്പിക്കുന്നു.

ശ്രീ.കെ. മോഹൻകുമാർ: പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവകുപ്പുമന്ത്രി (ശ്രീ.പി. ശങ്കരൻ): ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു.

ശ്രീ.എം. മുരളി: ഭരണഘടനയുടെ 72, 73 ഭേദഗതികളിലൂടെ പഞ്ചായത്തിരാജ്, നഗരപാലിക നിയമം വിജയകരമായി നടപ്പാക്കി പ്രാദേശിക ഗവൺമെന്റ് എന്ന് വിശേഷിപ്പിക്കാവുന്ന സാമ്പത്തിക അധികാരങ്ങളുള്ള ലോക്കൽ സെൽഫ് ഗവൺമെന്റുകൾ

സംസ്ഥാനത്ത് രൂപീകൃതമായി അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. സിറ്റി–മുനിസിപ്പൽ കോർപ്പറേഷനുകൾ, ത്രിതല പഞ്ചായത്തുകൾ എന്നിവയിലായിട്ട് പതിനേഴായിരത്തോളം പൊതു പ്രവർത്തകർക്കാണ് ഇന്ന് അംഗത്വം ലഭിച്ചിരിക്കുന്നത്. പാർലമെന്റ്–നിയമസഭ അംഗങ്ങൾക്കുള്ളതുപോലുള്ള വലിയ ഉത്തരവാദിത്തം ഈ ജനപ്രതിനിധികൾക്കും നിർവ്വഹിക്കാനുണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്ന, നിയമസഭ പാസ്സാക്കിയ നിയമങ്ങളുടെ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന ഇവർക്ക് ഔദ്യോഗിക ജീവിതം അവസാനിച്ചാൽ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ എം.പി., എം.എൽ.എ. എന്നിവർക്ക് ലഭിക്കുന്നതുപോലെ ഒരു നിശ്ചിത തുക പെൻഷനായിട്ട് നൽകണമെന്നുള്ള ആവശ്യമാണ് ഈ ബില്ലിലൂടെ വ്യവസ്ഥ ചെയ്യുന്നത്. കേരള മുനിസിപ്പൽ ചെയർമാൻസ് ചേംബർ ഒരു ട്രസ്റ്റ് രൂപീകരിച്ചുകൊണ്ട് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്ന സാഹചര്യത്തിൽ പ്രാദേശിക ഭരണകൂടങ്ങളിൽ സേവനം അനുഷ്ഠിക്കുന്നവരുടെ ജീവിത സംരക്ഷണം ഉറപ്പുവരുത്താൻ ഗവൺമെന്റ് മുന്നോട്ടുവരണം. ഔദ്യോഗിക കാലഘട്ടം കഴിഞ്ഞാലും ദൈനംദിന ജീവിതം തള്ളിനീക്കാനുള്ള അവസരമുണ്ടാകുമെന്ന് ഉറപ്പുവരുത്തിയാൽ ഇവരാരുംതന്നെ അഴിമതിയുടെ ചെളിക്കുണ്ടിൽ വീഴുകയില്ല. അതുകൊണ്ട് നിയമനിർമ്മാണത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽനിന്നോ അല്ലെങ്കിൽ തൊഴിലാളികളിൽനിന്നും അംശദായം സ്വരൂപിച്ചുകൊണ്ടോ ഇവർക്ക് പെൻഷൻ നൽകാനുള്ള ഒരു പദ്ധതിക്ക് രൂപം നൽകണം. നമ്മുടെ സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതോടുകൂടി പഞ്ചായത്തുകളിലെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെയും മെമ്പർമാർ ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ശ്രമത്തിലാണ്. സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് അവർക്ക് ഒരു പദ്ധതി നടപ്പിലാക്കണമെന്നാണ് ഈ ബില്ലിലൂടെ ആവശ്യപ്പെടുന്നത്. സംസ്ഥാന ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും ഗവൺമെന്റിന്റെ കോൺട്രിബ്യൂഷനും മറ്റു മാർഗ്ഗങ്ങളിൽ ഫണ്ട് ശേഖരിച്ചും ബന്ധപ്പെട്ട അംഗങ്ങളിൽനിന്നും അംശദായം സ്വീകരിച്ചുകൊണ്ടും ഒരു പെൻഷൻ പദ്ധതി ഏർപ്പെടുത്തണം .ഇക്കാര്യത്തിൽ ഗവൺമെന്റ് അനുകൂല നിലപാട് സ്വീകരിക്കണം.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): ഇതിന്റെ ഉദ്ദേശശുദ്ധിയെ ഗവൺമെന്റ് മാനിക്കുന്നു . തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞടുക്കപ്പെട്ട മെമ്പർമാർക്ക് പെൻഷൻ നൽകണമെന്ന കാര്യം ബന്ധപ്പെട്ട വകുപ്പ് പരിശോധിച്ചുവരികയാണ്. അതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിക്കപ്പെട്ടിരുന്ന കമ്മിഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ഉൾക്കൊള്ളുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ നയപരമായി തീരുമാനിക്കേണ്ടതുണ്ട്. തൽക്കാലം ബില്ലിലെ നിർദ്ദേശത്തെ എതിർക്കുന്നുവെങ്കിലും ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലുണ്ടാകും.

ശ്രീ എം .മുരളി അവതരിപ്പിച്ച ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം 15–ന് എതിരേ 37–വോട്ടുകളോടെ സഭ പിൻവലിച്ചു.

(8) 2002–ലെ കേരള ജലപ്പരപ്പ് നിയന്ത്രണ (അപകടം ഒഴിവാക്കൽ) ബിൽ.

ശ്രീ. വി.എസ്. അച്യുതാനന്ദൻ : 2002–ലെ കേരള ജലപ്പരപ്പ് നിയന്ത്രണ (അപകടം ഒഴിവാക്കൽ) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ .കെ. രാധാകൃഷ്ണൻ: പ്രമേയത്തെ പിൻതാങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. വി.എസ്. അച്യുതാനന്ദൻ: നമ്മുടെ സംസ്ഥാനത്ത് സ്വാതന്ത്ര്യ പ്രാപ്തിക്കുമുമ്പ് ബ്രിട്ടീഷ് ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും തമ്മിലുണ്ടാക്കിയ ചില നദീജല കരാറുകൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. തന്മൂലം നദികളിന്മേൽ നമുക്കുള്ള സ്വാതന്ത്ര്യവും അവകാശവും നിഷേധിക്കപ്പെടുന്നു. സ്വാതന്ത്ര്യാനന്തരം അംഗീകരിച്ചിട്ടുള്ള ഭരണഘടന പ്രകാരം സംസ്ഥാനത്തെ ജലവും ഭൂമിയും സ്വന്തമായി വിനിയോഗിക്കാനുള്ള നിയമ നിർമ്മാണം നടത്താൻ അവകാശമുണ്ട്. നദികളിൽ കെട്ടിയിട്ടുള്ള പഴയ അണക്കെട്ടുകൾക്ക് ബലക്ഷയം വരാനിടയുള്ളതിനാൽ, കരകളിൽ താമസിക്കുന്ന പതിനായിരക്കണക്കിന് ആളുകളുടെ ജീവനും സ്വത്തിനും വനത്തിലെ വന്യജീവികളുടെ ജീവനും ഉണ്ടാകാവുന്ന ഭീഷണി കണക്കിലെടുത്ത് അവയ്ക്ക് പരിരക്ഷ നൽകാൻ നിയമനിർമ്മാണം നടത്തേണ്ടത് അത്യാവശ്യമാണ്. സംസ്ഥാനത്തെ ജലം പൂർണ്ണമായും നമുക്ക് വിനിയോഗിക്കാൻ കഴിയണം. മിച്ചജലമുണ്ടെങ്കിൽ മറ്റു സംസ്ഥാനങ്ങൾക്കു നൽകാനുള്ള സ്വാതന്ത്ര്യമുണ്ട്. ഇപ്പോൾ മഴ കുറവായതിനാൽ വൈദ്യുതി ഉല്പാദനം തടസ്സപ്പെടാനിടയുണ്ട്. സംസ്ഥാനത്തെ ജനങ്ങൾക്ക് കുടിക്കാനും കൃഷിക്കും ആവശ്യമായ ജലം ലഭ്യമാക്കാൻ നിയമം കൊണ്ടുവരണം. ഇത്തരം ബില്ലുകൾ അവതരിപ്പിക്കപ്പെട്ടാൽ എതിർക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): ബില്ലിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ കോടതിയുടെ പരിഗണനയി ലാണെന്നതിനാലും ഒരു ഡാം സേഫ്റ്റി ഓർഗനൈസേഷൻ കേരളത്തിൽ നിലവിലുള്ളതിനാലും ഇതു സംബന്ധിച്ച് സർക്കാർ പഠിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലും ബില്ലിൽ പറഞ്ഞിട്ടുള്ളതുപോലെ ഒരു അതോറിറ്റി രൂപീകരിക്കുന്നതും നിയമം കൊണ്ടുവരുന്നതും ഇപ്പോൾ പ്രയാസമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യങ്ങൾ വളരെ പ്രസക്തമാണ്. ഗവൺമെന്റ് ഇക്കാര്യങ്ങൾ ഗൗരവബുദ്ധ്യാ

കണക്കിലെടുക്കുന്നു. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ ഗവൺമെന്റിന് ഇത്തരമൊരു ബില്ലിന് അനുമതി നൽകാൻ പ്രയാസമുണ്ട്.

(ചർച്ച തുടരും)

(9) 2001–ലെ കേരള പീടിക തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. കെ. പി. രാജേന്ദ്രൻ: 2001 – ലെ കേരള പീടികത്തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: കേരളത്തിലെ പത്തു ലക്ഷത്തിലേറെ തൊഴിലാളികൾ പണിയെടുക്കുന്ന ഒരു മേഖലയാണിത്. ഷോപ്പ്സ് ആന്റ് കമ്മേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിൽ അവർക്ക് നിയമപരമായി കിട്ടേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ചൊക്കെ നിയമമുണ്ടെങ്കിലും പത്ത് ശതമാനം തൊഴിലാളികൾക്ക് പോലും അതിനനുസരിച്ചുള്ള ആനുകൂല്യങ്ങൾ കിട്ടുന്നില്ല. മിനിമം കൂലിപോലും ഈ മേഖലയിലെ തൊഴിലാളികൾക്ക് കിട്ടുന്നില്ല. സ്ത്രീകളെ സംബന്ധിക്കുന്ന ധാരാളം തൊഴിൽ നിയമങ്ങൾ നിലവിലുണ്ടെങ്കിലും ഈ മേഖലയിൽ ഒരു നിയമവും നടപ്പിലാക്കുന്നില്ല. നിയമാനുസൃത ആനുകൂല്യങ്ങൾ അവർക്ക് കിട്ടുന്നുമില്ല. പ്രായം കുറഞ്ഞ കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്ന അവസ്ഥയുണ്ട്. പ്രാഥമികമായി ഈ വിഭാഗം തൊഴിലാളികൾക്ക് കൊടുക്കേണ്ട സൗകര്യങ്ങൾപോലും നിഷേധിക്കപ്പെടുന്നു. അവർക്ക് സാമൂഹ്യ സുരക്ഷിതത്വമില്ല. ഇപ്പോൾ ഗ്രാറ്റ്വിറ്റി നിയമത്തിൽ ഭേദഗതി വരുത്തിയിരിക്കുകയാണ്. അതുകൊണ്ട് ഈ വിഭാഗം തൊഴിലാളികൾക്ക് നിയമപരമായി കിട്ടേണ്ട പെൻഷനുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കിട്ടത്തക്കവിധത്തിൽ ഒരു നിയമനിർമ്മാണമുണ്ടാക്കണം.

(ചർച്ച തുടരും)

(10) 2002–ലെ കേരള മൺപാത്ര നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. ബി.. വിജയകുമാർ: 2002–ലെ കേരള മൺപാത്ര നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ബി. വിജയകുമാർ: മറ്റ് തൊഴിൽ രംഗങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് കിട്ടുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് നിഷേധി ക്കപ്പെട്ടിരിക്കുകയാണ്. ഇവർ പരംപരാഗത വ്യവസായത്തൊഴിലാളികളാണെങ്കിലും അവരെ അർഹിക്കുന്ന രീതിയിൽ അംഗീകരിച്ചിട്ടില്ല. ഈ വിഭാഗം തൊഴിലാളികളെ ക്ഷേമനിധിയുടെ കീഴിൽ കൊണ്ടുവരികയും അവർക്ക് ചികിൽസാ സൗകര്യവും പെൻഷൻ ആനുകൂല്യങ്ങളും നൽകി അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്യണം. പരംപരാഗത തൊഴിൽ മേഖലയായ മൺപാത്ര നിർമ്മാണ വ്യവസായത്തെ നിലനിർത്തിയില്ലെങ്കിൽ ഈ വ്യവസായം തന്നെ അന്യം നിന്നു പോകുന്ന സ്ഥിതിയുണ്ടാകും.

(ചർച്ച തുടരും)

(11) 2002-ലെ കേരള സ്വർണ്ണ തൊഴിലാളി ക്ഷേമ നിധി ബിൽ

ശ്രീ. ബി. വിജയകുമാർ: 2002-ലെ കേരള സ്വർണ്ണ തൊഴിലാളി ക്ഷേമ നിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി.ടി. തോമസ് : പ്രമേയത്തെ പിൻതാങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ ) : ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ബി. വിജയകുമാർ : 1997 മാർച്ച് 21 -ാം തിയതി 1996-ലെ കേരള സ്വർണ്ണ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിച്ച അവസരത്തിൽ സ്വർണ്ണ തൊഴിലാളികളുടെ ക്ഷേമം ലാക്കാക്കി ഒരു നിയമനിർമ്മാണം നടത്തുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നതായി അന്നത്തെ നിയമവകുപ്പുമന്ത്രി വ്യക്തമാക്കിയിരുന്നു. അത്തരത്തിലൊരു നിയമനിർമ്മാണം ഇതുവരേയും നടത്താത്തതുകൊണ്ടാണ് ഈ ബിൽ കൊണ്ടുവരേണ്ടിവന്നത്.. കേരളത്തിൽ 4 ലക്ഷത്തോളം സ്വർണ്ണ തൊഴിലാളികളുള്ളതിൽ പത്തു ശതമാനം പേർ മാത്രമാണ് പീടികകളിൽ പണിയടുക്കുന്നത്. ബാക്കി 90 ശതമാനം പേരും പരംപരാഗത തൊഴിലാളികളാണ്. അവരുടെ വൈദഗ്ദ്ധ്യം വളരെ വലുതാണ്. കഠിനാദ്ധ്വാനം ചെയ്താണ് ഇവർ ആഭരണങ്ങൾ തയ്യാറാക്കുന്നത്. യന്ത്രം കൊണ്ട് നിർമ്മിക്കുന്ന വിദേശ ഉരുപ്പടികൾ വന്നു തുടങ്ങിയതോടെ പരംപരാഗത തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമുണ്ടായി. ഇവരുടെ ആരോഗ്യ പരിപാലനത്തിന് ഗവൺമെന്റിൽ നിന്നും സംരക്ഷണം ലഭിക്കുന്നില്ല. കുഞ്ഞുങ്ങളെ പഠിപ്പിക്കാൻ കഴിയുന്നില്ല. നിത്യവൃത്തിക്കു തന്നെ ബുദ്ധിമുട്ടാണ്. ഒരു ക്ഷേമനിധി

രൂപീകരിച്ച് ഇവരുടെ സംരക്ഷണം ഉറപ്പു വരുത്താൻ ഈ ബിൽ പാസ്സാക്കുകയോ ഗവൺമെന്റ് ഒരു നിയമനിർമ്മാണം നടത്തുകയോ ചെയ്യേണ്ടതാണ്.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : കേരള കൈത്തറി തൊഴിലാളി – വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധിയിൽ സ്വർണ്ണ തൊഴിലാളികൾക്കും അംഗമാകാമെന്നതിനാൽ ഇത്തരമൊരു ബിൽ ആവശ്യമില്ല.

(ചർച്ച തുടരും)

ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച

(ശ്രീ. വി. ചെന്താമരാക്ഷന്റെ അഭാവത്തിൽ 1–ാമത്തെ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർചർച്ച എടുത്തില്ല.)

2. ദി യൂണിവേഴ്സിറ്റി ലാസ് (അമെന്റ്മെന്റ് ) ബിൽ, 2001 (തുടർചർച്ച)

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഗവൺമെന്റ് നൽകുന്ന പണം സർവ്വകലാശാലകൾ ശരിയായ വിധത്തിൽ വിനിയോഗിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള അധികാരം നിയമസഭയ്ക്കുണ്ട്. എന്നാൽ യൂണിവേഴ്സിറ്റികളുടെ വാർഷിക കണക്ക് സമയബന്ധിതമായി സമർപ്പിക്കണമെന്നതിന് സർവ്വകലാശാലാ നിയമത്തിൽ വകുപ്പില്ല. സർവ്വകലാശാലാ നിയമത്തിൽ ഇതുസംബന്ധിച്ച വകുപ്പ് ഉൾപ്പെടുത്തണമെന്ന് മേശപ്പുറത്തു വയ്ക്കുന്ന കടലാസുകൾ സംബന്ധിച്ച സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും സർവ്വകലാശാലാ നിയമത്തിൽ ഇതു സംബന്ധിച്ച ഭേദഗതി ഇതുവരേയും വരുത്തിയിട്ടില്ല. ഇതിനെപ്പറ്റി പറയുമ്പോൾ സർവ്വകലാശാലയുടെ അധികാരത്തിന്മേലുള്ള കടന്നു കയറ്റമാണെന്ന് ചിലർ വ്യാഖ്യാനിക്കുന്നത് ശരിയല്ല. യൂണിവേഴ്സിറ്റിയുടെ അക്കൗണ്ടബിലിറ്റിയുടെ പ്രശ്നമാണ്. ആട്ടോണമിയുടെ പേരിൽ സമൂഹത്തോട് പ്രതിബദ്ധതയില്ലാതെ യൂണിവേഴ്സിറ്റികൾ മുന്നോട്ടുപോകുന്നത് അംഗീകരിക്കാനാവില്ല. കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നും നൽകുന്ന ബിരുദ – ബിരുദാനന്തര ബിരുദങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും അവയുടെ അംഗീകാരം കുറഞ്ഞുകൊണ്ടിരിക്കു കയാണ്. വിജ്ഞാന മേഖലയിൽ പുതിയ വിഷയങ്ങളൊന്നും ഗവേഷണ വിധേയമാ ക്കുന്നില്ല. പുതിയ വിജ്ഞാനപ്രദമായ ഗവേഷണങ്ങൾക്ക് ഊന്നൽ നല്കണം. സർവ്വകലാശാലകളുടെ പ്രവർത്തനം ശരിയായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ ഭരണസംവിധാനം തന്നെ മാറ്റിയെടുക്കണം. ഇതിനുവേണ്ടി ഒരു ഏകീകൃത സർവ്വകലാശാലാ ബിൽ കൊണ്ടുവന്ന് ഈ വകുപ്പ് ഉൾപ്പെടുത്തുമെന്ന് പറഞ്ഞുവെങ്കിലും അത് ഇതുവരെ പ്രാവർത്തികമായിട്ടില്ല. രാഷ്ടീയമായ താല്പര്യങ്ങൾ നേടിയെടുക്കാനാണ് സർവ്വകലാശാല ഭരണസമിതികൾ

പ്രവർത്തിക്കാറുള്ളത്. അതുകൊണ്ട് എല്ലാ സർവ്വകലാശാലകളേയും രക്ഷപ്പെടുത്താനുള്ള ശ്രമമുണ്ടാകണം. കേരളത്തിന്റെ വിദ്യാഭ്യാസത്തിന് ഒരു പുതിയ ദിശാ ബോധം നൽകാനുതകുന്ന രീതിയിലുള്ള യൂണിവേഴ്സിറ്റി ബിൽ കൊണ്ടുവരണം. ആധുനിക യുഗത്തിനനുസൃതമായ രീതിയിൽ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനശൈലി മാറ്റിയെടുക്കണം. ഓരോ പ്രദേശത്തിന്റെയും സാഹചര്യങ്ങൾക്കനുസരിച്ച് വ്യവസ്ഥകൾ വച്ചുകൊണ്ട് അതിനുതകുന്ന രീതിയിലുള്ള ബിൽ വേണം കൊണ്ടുവരേണ്ടത്. വരും തലമുറയെ രക്ഷപ്പെടുത്താനും അവരോട് നീതി പുലർത്താനും തയ്യാറാകണം. യൂണിവേഴ്സിറ്റികളുടെ പ്രവർത്തനത്തിന് ഏറ്റവും വലിയ പ്രയാസങ്ങൾ സൃഷ്ടിക്കുന്നത് ഭരണസമിതിയുടെ കക്ഷിരാഷ്ട്രീയ അതിപ്രസരമാണ്. അർഹതയില്ലാത്തവരെ ഭരണസമിതിയിൽ ഉൾപ്പെടുത്തുന്നത് ഒഴിവാക്കേണ്ടതാണ്. ഭാവി തലമുറയെ രക്ഷിക്കാൻവേണ്ടി ഈ ബിൽ ഗവൺമെന്റ് അംഗീകരിക്കണം.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും നിലവിലുള്ള നിയമം ഭേദഗതി വരുത്തികൊണ്ട് ഒരു അക്കൗണ്ടബിലിറ്റി ഉണ്ടാക്കണമെന്നാണ് ഈ ബില്ലിന്റെ പ്രിയാമ്പിളിൽ പറഞ്ഞിട്ടുള്ളത്. ആനുവൽ അക്കൗണ്ടും ആനുവൽ റിപ്പോർട്ടും സഭയിൽ അവതരിപ്പിക്കുന്നതിന് നിയമപരമായി ഉത്തരവാദിത്തം നല്കുന്നതിനുള്ള ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഇതേ വ്യവസഥകൾ തന്നെയാണ് നിർദ്ദിഷ്ട ഏകീകൃത സർവ്വകലാശാലാ ബില്ലിലുമുള്ളത്. അതുകൊണ്ട് ഈ ബില്ലിന് പ്രസക്തിയില്ല. കേരളത്തിലെ മുഴുവൻ യൂണിവേഴ്സിറ്റികൾക്കും ബാധകമായ സമൂർത്തമായ ഒരു നിയമമാണ് ഗവൺമെന്റ് കൊണ്ടുവരാൻ പോകുന്നത്. അത് നിലവിൽ വരുമ്പോൾ ഇന്നുള്ള ആക്ഷേപങ്ങൾക്ക് പരിഹാരമുണ്ടാകും. ഈ ബില്ലിന് പ്രസക്തിയില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി നോട്ടീസ് നല്കിയ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു..

3. 2001-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ബിൽ (ചർച്ച തുടർച്ച)

ശ്രീ. എം. മുരളി: അധികാര വികേന്ദ്രീകരണം പ്രായോഗിക തലത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇഫക്ടീവായ ഭരണസംവിധാനം ഉണ്ടെങ്കിൽ മാത്രമേ ഗവൺമെന്റ് വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുകയുള്ളു. അതുകൊണ്ടാണ് അഖിലേന്ത്യ കേഡറിന് അനുയോജ്യമായ ഒരു സംസ്ഥാന കേഡർ ഉണ്ടാകണമെന്നാവശ്യപ്പെടുന്നത്. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനെ മാറ്റി നിറുത്താൻ വേണ്ടിയല്ല സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കണമെന്ന് ആവശ്യപ്പെടുന്നത്. നമ്മുടെ ഭരണസംവിധാനത്തിൽ ഒരു പ്രത്യേക ശ്രേണി സൃഷ്ടിച്ചെടുക്കാൻ സറ്റേറ്റ് കേഡറിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രഗൽഭരുടെ സേവനം പ്രയോജനപ്പെടുത്തണം. കേരളത്തിലെ പല സർവ്വീസ് സംഘടനകളും

ഇത്തരം ആവശ്യം മുന്നോട്ടുവച്ചിട്ടുണ്ട്. ഈ നാട്ടിലെ പ്രശ്നങ്ങൾ അറിവുള്ള ഒരു അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുണ്ടെങ്കിൽ ഓരോ തലത്തിലും ഭരണം ഇഫക്ടീവായിട്ട് മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. കർണ്ണാടക, തമിഴ്നാട്, തുടങ്ങിയ സംസ്ഥാനങ്ങൾ അവരുടെ അഡ്മിനിസ്ട്രേററീവ് സർവ്വീസിലൂടെ ഇക്കാര്യം തെളിയിച്ചുകഴിഞ്ഞു. ഇനി കൂടുതൽ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ചെലവ് വഹിക്കാൻ കഴിയാത്തതുകൊണ്ട് രണ്ടു വർഷത്തേയ്ക്ക് ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിന്ന് ഇങ്ങോട്ട് ആരേയും അലോട്ട് ചെയ്യണ്ട എന്ന സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം സ്വാഗതാർഹമാണ്. പുറത്തുള്ള ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥൻമാർക്ക് അവരുടെ വികാര വിചാരങ്ങളും കേരളീയ ജീവിതവും തമ്മിൽ പൊരുത്തപ്പെടാൻ കഴിയുന്നില്ല.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

......................